പ്രസ്തുത സൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും നടപ്പിലാവുമ്പോൾ വിനോദ സഞ്ചാരികൾ കൂടുതലായി എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ചെമ്പ് കടവ്-തുഷാരഗിരി റോഡ് നവീകരണത്തിനായി 35 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ജോലികൾ പുരോഗമിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിൽ ഈ സർക്കാരിന്റെ കാലത്തുള്ള ടൂറിസം വികസന പ്രോജക്ടുകൾ

39 [2078] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഈ സർക്കാർ വന്നതിനുശേഷം ഏറ്റെടുത്ത ടൂറിസം വികസന പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വിശദവിവരവും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(സി) ജില്ലയിലെ വിനോദസഞ്ചാര വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്ന ഏതെല്ലാം പ്രോജക്ടുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 10,29,000 രൂപ ചെലവഴിച്ചു. കൂടാതെ ചാലക്കുടി-വാഴച്ചാൽ റോഡ് നബാർഡിൽ ഉൾപ്പെടുത്തി 14 കോടി രൂപ ചെലവിൽ കേരള പൊതുമരാമത്ത് വകുപ്പ് വഴി വികസിപ്പിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ ചെലവിൽ പെ ആൻഡ് യൂസ് ടോയ്ലെറ്റ് നിർമ്മാണം, 29,50,000 രൂപ ചെലവിൽ ആതിരപ്പള്ളിയിൽ ബാത്തിംഗ് ഘട്ട്, ചേഞ്ചിംഗ് റൂം, വാക്ക് വേ എന്നിവയുടെ പണികൾ പുരോഗമിക്കുന്നു. 22.70 ലക്ഷം രൂപ ചെലവിൽ ശക്തൻതമ്പുരാൻ മ്യൂസിയം സംരക്ഷിക്കൽ, 3,70,000 രൂപ ചെലവിൽ കനോലി കനാലിന്റെ തടസ്സം നീക്കൽ, 20 ലക്ഷം രൂപ ചെലവിൽ പീച്ചിയുടെ വികസനം, 22.5 ലക്ഷം രൂപയുടെ വിലങ്ങൻ കുന്നിന്റെ വികസനം, 6 ലക്ഷം രൂപ ചെലവിൽ മാളയിലെ ജൂതപ്പള്ളിയുടെ വികസനം, കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി 3.50 കോടി രൂപ ചെലവിൽ ആതിരപ്പള്ളി വാട്ടർഫാൾസിന്റെ വികസനം തുടങ്ങിയ പദ്ധതികളും ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) തേക്കിൻകാട് മൈതാനത്തിന്റെ വികസനം, ആനക്കൊട്ടിൽ വികസനം, തിരുവില്വാമലയുടെ വികസനം, നാട്ടിക ബീച്ചിന്റെ വികസനം, ചേരമാൻപള്ളിയുടെ വികസനം, തൃശ്ശൂരിലും ഗുരുവായൂർ റെയിൽവെ സ്റ്റേഷനിലും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം, പാലയൂരിലും കൂടൽമാണിക്യക്ഷേത്രം എന്നിവിടങ്ങളിലും ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം, ടൂറിസം ബോർഡ് സ്ഥാപിക്കൽ, വടക്കേ ചിറ പരിഷ്കരണം, രാമനിലയം ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിലെ കുത്തമ്പലം നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly